പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 911 — 04.03.2020 -ലെ മറുപടിയ്ക്ക്

# തൊഴിലാളി ഡാറ്റാബാങ്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ (ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ തൊഴിലാളികളുടെ ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിന് സർക്കാർ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) സംസ്ഥാനത്തെ എല്ലാ വിഭാഗം തൊഴിലാളികളുടെയും ഡാറ്റബാങ്ക് തയ്യാറാക്കിയിട്ടില്ല. എന്നാൽ ദൈനംദിന ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്ക് വിദഗ്ധരായവരുടെ സേവനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കാൻ ഉതകുന്ന മൊബൈൽ ആപ്ലിക്കേഷൻ വ്യാവസായിക പരിശീലനവകുപ്പ്, കുടുംബശ്രീ, പഞ്ചായത്ത് വകുപ്പ്, നാഷണൽ എംപ്ലോയ്മെന്റ് സർവീസസ് വകുപ്പ് എന്നിവയുടെ സഹകരണത്തോടെ "സ്കിൽ രജിസ്ട്രി" എന്നപേരിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുന്ന രീതിയിൽ 10.07.2019 മുതൽ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ആദ്യഘട്ടമായി തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുകയും തുടർന്ന് മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. |
| ബി) ഏതെല്ലാം മേഖലകളിലെ തൊഴിലാളികളുടെ വിവരങ്ങളാണ് ഇത്തരത്തിൽ ശേഖരിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;<br>സി) ഇതുവരെ എത്രപേരുടെ വിവരങ്ങൾ ഇപ്രകാരം ശേഖരിച്ചു ; വിശദാംശം ലഭ്യമാക്കാമോ? | ബി) യും സി)യും - തൊഴിൽ വൈദഗ്ധ്യമുള്ളവർക്ക് സർവീസ് പ്രൊവൈഡർ ആയും, ഇവരുടെ സേവനം ആവശ്യമുള്ളവർക്ക് കസ്റ്റമർ ആയും ഇതിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രാഥമികഘട്ടത്തിൽ വ്യാവസായികപരിശീലന വകുപ്പ്, കുടുംബശ്രീ വഴി പരിശീലനം ലഭിച്ച തിരുവനന്തപുരം ജില്ലയിലെ വിദഗ്ധ തൊഴിലാളികളെ ഈ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യിപ്പിച്ചുവരികയാണ് . ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കുടുംബശ്രീ എന്നിവരുടെ സഹകരണത്തോടെ AC, Washing Machine, |

Refrigerator, Oven, Fan/Iron Box , Computer, Mixer & Grinder Service and Repair, Electrician, Plumber, Carpenter, Painter, Coconut Climber, Day care-Child care in home, Driver, Gardening & Landscaping, Geriatric care-in home/hospitals, Grass Cutting, Home Cleaning / House Keeping, House Maid, Laundry & Ironing, Masonry- Small Construction work/Renovation/Compost pit/Ring work, Mobile Beauty Parlour- Services at home, Santhwanam- Health Check up at Home (Sugar, Cholesterole, BP), Television Repair and Installation, 2/3/4 wheeler repair, Agricultural Work, Catering, Civil Draughtsman, Cooking, Driver with vehicle, Gas Stove Repair, Interior Designing Tailor, Tractor Driver, Truss Work, Welder, wood cutter എന്നിങ്ങനെ 37 സേവനമേഖലകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിലൂടെ പൊതുജനങ്ങൾക്ക് സർട്ടിഫൈഡ് ടെക്നീഷ്യന്മാരെയും സ്വയംതൊഴിൽ വൈദഗ്ധ്യമുള്ള സേവനദാതാക്കളെയും കണ്ടെത്താൻ സാധിക്കും. ഇതുവരെ 2081 പേർ സ്കിൽ രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**